**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **08-10-2024 - ൽ മറുപടിയ്ക്ക്**

**കീരംപാറ വഴിവിളക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി അൽ-അമൻ റോഡ്, നെല്ലിക്കുഴി ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ, കീരംപാറ വഴിവിളക്ക് പദ്ധതി എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി അൽ- അമൻ റോഡ്, നെല്ലിക്കുഴി ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾക്ക് പ്രത്യേക ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ ധനവകുപ്പിൽ ലഭിച്ചിട്ടില്ല.കീരംപാറ വഴിവിളക്ക് പദ്ധതി എന്ന പ്രവൃത്തിയ്ക്ക് പ്രത്യേക ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ ധനവകുപ്പിൽ ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് ടി. പ്രവൃത്തിയ്ക്ക് പ്രത്യേക ഭരണാനുമതി നൽകുന്നതിനു നിർവ്വഹമില്ല എന്ന വിവരം** ബഹു. എംഎൽഎ യെ 02/04/2024 ൽ കത്ത് മുഖേന അറിയിച്ചിരുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി അൽ-അമൻ റോഡ്, നെല്ലിക്കുഴി ഇരമല്ലൂർ ചിറയ്ക്ക് സമീപം പാർക്കിംഗ് ഏരിയ **എന്നീ പ്രവൃത്തികൾക്ക് പ്രത്യേക ഭരണാനുമതി നൽകുന്നതിനുള്ള ശുപാർശ** ബഹു. എംഎൽഎ **ശുപാർശ ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ